GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

11th February 2015

## കൂറുമാറ്റത്തിന് ഏഴു ഗ്രാമപഞ്ചായത്തംഗങ്ങളെ അയോഗ്യരാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ച തൃശൂർ പനച്ചേരി ഗ്രാമപഞ്ചായത്തിലെ ഏഴ് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ ഇന്ന് (ഫെബ്രുവരി 11) അയോഗ്യരാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് ഇവരെ ആറു വർഷത്തേക്ക് വിലക്കിയിട്ടുമുണ്ട്. പനച്ചേരി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് പി.വി. പത്രോസ് സമർപ്പിച്ച ഏഴു വ്യത്യസ്ത ഹർജിയിന്മേലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ പൊതുവിധി ന്യായം പ്രസ്താവിച്ചത്.

തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥികളായി നിന്ന് വിജയിച്ച എം.ടി. സന്ദീപ്, റോയി കെ. ദേവസ്സി, കെ.പി. ചാക്കോച്ചൻ, റോസിലി, ഏലിയാമ്മ, ശകുന്തള ഉണ്ണികൃഷ്ണൻ, സിന്ധു സുരേഷ് എന്നിവർക്കാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യത കൽപിച്ചത്. പനച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന യു.ഡി.എഫ്-ലെ പി.വി. പത്രോസിനെതിരെ പാർട്ടി നിർദ്ദേശമില്ലാതെ ഇവർ അവിശ്വാസപ്രമേയം അവതരിപ്പിച്ചിരുന്നു. പ്രമേയം ചർച്ച ചെയ്യുന്ന യോഗത്തിൽ നിന്നും വിട്ടു നിൽക്കണമെന്ന പാർട്ടി വിപ്പ് ലംഘിച്ച് ഇവർ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചതിനെ തുടർന്ന് പ്രമേയം പസ്സാക്കുകയും പി.വി. പത്രോസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെടുകയുമുണ്ടായി. പഞ്ചായത്തംഗങ്ങളുടെ ഈ നടപടി കൂറുമാറ്റ നിരോധനനിയമത്തിന്റെ ലംഘനമാണെന്ന ഹർജിക്കാരന്റെ വാദം കമ്മീഷൻ അംഗീകരിച്ചു. അഡ്വക്കേറ്റുമാരായ വി. ഭുവനചന്ദ്രൻ നായരും, ആർ. രവീന്ദ്രൻ നായരുമാണ് ഹർജിക്കരനുവേണ്ടി തിരഞ്ഞെടുപ്പ് കമ്മീഷനു മുമ്പിൽ ഹാജരായത്.

*(എസ്.ഇ.സി. 05/2015)*